# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4759** **23.07.15 ൽ മറുപടിയ്ക്ക്**

**വ്യവസായ- വാണിജ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | വ്യവസായ-വാണിജ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ആകെ എത്ര തസ്തികകളാണ് ഉള്ളത്; ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | നിലവിൽ 27 തസ്തികകളുണ്ട്. യോഗ്യതകൾ - എസ്.എസ്.എൽ.സി, ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ഹയർ), ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് & മലയാളം (ലോവർ). |
| (ബി) | ഏതെല്ലാം രീതിയിലാണ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് ; വ്യക്തമാക്കാമോ; | (ബി) | 1:1 എന്ന അനുപാതത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും, വകുപ്പിൽ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും സ.ഉ. (എം.എസ്) നം.288/71/പി.ഡി തീയതി 01.09.1971 ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം മുഖേനയും. |
| (സി) | വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | (സി) | എട്ട് ഒഴിവുകൾ നിലവിലുണ്ട്. അതിൽ മൂന്ന് ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് വിവിധ വകുപ്പുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള (GO(Ms)No.288/71/PD, | (ഡി) | ബാധകമാണ്. |

| | | | |
|---|---|---|---|
| | Dated 1.9.71) വ്യവസായ-വാണിജ്യ വകുപ്പിന് ബാധകമാണോ എന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | എങ്കിൽ ഈ ഉത്തരവ് പ്രകാരം നാളിതുവരെ എത്ര ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഇ) | അഞ്ചു പേർക്ക് സ്ഥാനംക്കയറ്റം നൽകിയിട്ടുണ്ട്.<br>1) ശ്രീ. എൻ. ജനാർദ്ദനപിഷാരടി<br>2) ശ്രീമതി. സി. സലോമി,<br>3) ശ്രീമതി. എം. ശകുന്തള,<br>4) ശ്രീമതി. സുലോചന,<br>5) ശ്രീ.എൻ.ബാലൻ |
| (എഫ്) | വ്യവസായ-വാണിജ്യവകുപ്പ് ഡയറക്ടേറ്റിൽ ടൈപ്പിസ്റ്റ് ആയി ജോലി ചെയ്യുന്ന ശ്രീമതി ആതിര.ജി കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിയ്ക്കുന്നതിനായി 2014 മാർച്ചിൽ സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നമ്പർ 13666/14) എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എഫ്) | ശ്രീമതി.ആതിര.ജി യും മറ്റ് ചിലരും സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അർഹതയുള്ളവരുടെ അപേക്ഷകൾ വാങ്ങി അയയ്ക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർ വകുപ്പിന് കീഴിലുള്ള സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ജി) | ശ്രീമതി ആതിര.ജി. -യ്ക്ക് സ്ഥാനക്കയറ്റം ലഭ്യമാകുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കാമോ? | (ജി) | നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷയിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ